"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി ആശാ നാരായണൻ, നഴ്സിംഗ് ട്യൂട്ടർ, സർക്കാർ നഴ്സിംഗ് സ്കൂൾ, തൃശൂർ - കെ.എൻ.എം.സി ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ അന്യത്രസേവനം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.200/2025/H&FWD തീയതി,തിരുവനന്തപുരം, 25-01-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.132/2010/ആ.കു.വ തീയതി 29.03.2010.
2. സ.ഉ (അച്ചടി) നം. 45/2013/ഫിൻ തീയതി 22.01.2013.
3. സർക്കുലർ നം. 42/2013/ഫിൻ തീയതി 10.05.2013.
4. ശ്രീമതി.ആശാ നാരായണൻ 22.08.2024-ൽ സമർപ്പിച്ച അപേക്ഷ.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 19.09.2024 ലെ ആവഡ/21354/2024-ഇ2 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
6. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 26.09.2024 ലെ ഇ/22587/22/എൻ.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിലിന് പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുള്ള ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ ഒഴിവ് വന്നതിനെ തുടർന്ന് 12.08.2024-ൽ ടി തസ്തികയിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി പുറപ്പെടുവിച്ച പരസ്യ വിജ്ഞാപന പ്രകാരം ലഭ്യമായ അപേക്ഷകൾ 25.09.2024 തീയതിയിലെ 2 (i) കൗൺസിൽ തീരുമാനപ്രകാരം സർക്കാർ അനുമതിയ്ക്കായി കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാർ ലഭ്യമാക്കിയിരുന്നു. വിജ്ഞാപനപ്രകാരം സർക്കാർ നേഴ്സിംഗ് സ്കൂളുകളിലെ സീനിയർ നേഴ്സിംഗ് ട്യൂട്ടർ/വൈസ് പ്രിൻസിപ്പൽ/ പ്രിൻസിപ്പൽ തസ്തികകളിലെ അധ്യാപകരാണ് നിയമനത്തിന് യോഗ്യരായവർ. സ.ഉ (കൈ) നം. 135/2022/ആ.കു.വ തീയതി 28.06.2022 പ്രകാരം സീനിയർ നേഴ്സിംഗ് ട്യൂട്ടർ തസ്തിക റദ്ദാക്കുകയും തുടർന്ന് ടി തസ്തിക സ്പെഷ്യൽ റൂളിൽ നിന്നും നീക്കം ചെയ്യുകയുമുണ്ടായി. ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലെ നിയമനത്തിന് ഉയർന്ന വിദ്യാഭ്യാസ യോഗ്യതകളോ, സർവ്വീസ് സീനിയോറിറ്റിയോ മുൻഗണന മാനദണ്ഡമല്ല.

2. ലഭ്യമായ അപേക്ഷകൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ സർക്കാർ നഴ്സിംഗ് സ്കൂളിലെ നഴ്സിംഗ് ട്യൂട്ടറായ ശ്രീമതി ആശാ നാരായണനെ അന്യത്ര സേവനം സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷ കാലയളവിലേയ്ക്ക് കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിൽ ഡെപ്യൂട്ടി രജിസ്ട്രാർ

തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചു ഉത്തരവാകുന്നു. അന്യത്രസേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് (അന്യത്രസേവനം ദീർഘിപ്പിക്കാത്തപക്ഷം) മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.ആശാ നാരായണൻ, നഴ്സിംഗ് ട്യൂട്ടർ, സർക്കാർ നഴ്സിംഗ് കോളേജ്, തൃശ്ശൂർ (കെ.എൻ.എം.സി രജിസ്ട്രാർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 27-01-2025 10:42:07
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.